**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5731** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാതൃ, ശിശു മരണനിരക്ക് വികസിത രാജ്യങ്ങളുടെതിന് സമാനമായി കുറയ്ക്കാൻ കഴിയുംവിധം പൊതുജനാരോഗ്യ രംഗത്തെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ ശരാശരി മാതൃ മരണ നിരക്കിനേക്കാൾ കുറവാണ്. മാത്രമല്ല കേരളത്തിലെ മാതൃ മരണ നിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃ മരണ നിരക്ക് കുറച്ച് കൊണ്ട് വരുവാൻ കഴിഞ്ഞു.**<br><br>**സംസ്ഥാനത്തെ മാതൃ മരണനിരക്ക് കുറക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology)യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കി വരുന്നു.**<br><br>**ഇതിന്റെ ഭാഗമായി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.**<br><br>**ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകിയിട്ടുണ്ട്.**<br><br>**മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃ മരണ നിരക്ക് കൂടുതൽ കുറക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു.** |

| | | | |
|---|---|---|---|
| | | | **24.12.2018 തീയതിയിലെ സ.ഉ (സാധാ) നം. 3784/2018/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ജില്ലകളിലെ മാതൃമരണങ്ങളും, മാതൃ ചികിത്സാ പ്രവർത്തനങ്ങളും അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്ന യോഗത്തിലും ജില്ലകളിലെ മാതൃമരണ നിരക്ക് അവലോകനം ചെയ്ത് മാതൃമരണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്. കൂടാതെ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് ആശുപത്രികളിലെ പ്രസവ സംബന്ധമായ സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പി ക്കുന്നതിനായി പ്രസവമുറി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.** |
| (ബി) | പെൺകുട്ടികളിലെയും സ്ത്രീകളിലെയും വിളർച്ച പൂർണ്ണമായി പരിഹരിച്ച് വിളർച്ച മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് (വിവ) പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 15 മുതൽ 59 വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളേയും സ്ത്രീകളേയും ഹീമോഗ്ലോബിൻ പരിശോധനയിലൂടെ വിളർച്ച (അനീമിയ) കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഡിജിറ്റൽ ഹീമോഗ്ലോബിനോ മീറ്റർ ഉപയോഗിച്ചോ ലാബ് പരിശോധനയിലൂടേയോ ഹീമോഗ്ലോബിന്റെ അളവ് കണ്ടെത്തുകയും അതിന്റെ വിവരം ഗൂഗിൾഫോം ഉപയോഗിച്ച് ശേഖരിക്കുകയും ചെയ്യുന്നു. ഇതിൽ അനീമിയ (വിളർച്ച) കണ്ടെത്തുന്നവർക്ക് ആവശ്യമായ ചികിത്സ മാർഗ്ഗനിർദ്ദേശ പ്രകാരം നൽകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വനിതാ ശിശുവികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിവ ക്യാമ്പയിൻ നടത്തുന്നത്. 2023 ഫെബ്രുവരി 18 ബഹു.കേരള മുഖ്യമന്ത്രി ഈ പരിപാടിയുടെ സംസ്ഥാനതല ഉത്ഘാടനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 14.01.2023 തീയതിയിലെ സ.ഉ (സാധാ) നം. 97/2023/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഹീമോഗ്ലോബിൻ പരിശോധിക്കുവാനാവശ്യമായ ഹീമോഗ്ലോബിനോമീറ്റർ, ടെസ്റ്റ് സ്ട്രിപ്പ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി വിളർച്ച തടയുന്നതിനും, നിയന്ത്രിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. കൗമാരക്കാരിലും, സ്ത്രീകളിലും വിളർച്ച മൂലമുള്ള ശാരീരികവും, ബൗദ്ധികവുമായ പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ പ്രവർത്തന ക്ഷമമാക്കുവാനും ഈ പരിപാടിയിലൂടെ സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. പൊതുജന പങ്കാളിത്തത്തോടെ ഈ ക്യാമ്പയിൻ ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാനുള്ള ശ്രമങ്ങൾ എല്ലാ ജില്ലയിലും തുടങ്ങിയിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ വകുപ്പുൾപ്പെടെ മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും വാർഷികാരോഗ്യ പരിശോധന നടത്താൻ ഉദ്ദേശ്യമുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നവീകരിച്ച/നൂതന സ്കൂൾ ആരോഗ്യ പദ്ധതിയുടെ കീഴിൽ സർക്കാർ എല്ലാ വിദ്യാർത്ഥികൾക്കും വാർഷിക ആരോഗ്യപരിശോധ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ RBSK നേഴ്സ്മാർ, മൊബൈൽ ടീമുകൾ സ്കൂളുകൾ സന്ദർശിച്ച നിർദിഷ്ട ഫോർമാറ്റ് പ്രകാരമുള്ള ആരോഗ്യ പരോശോധന നടത്തുന്നുണ്ട്. ഇത് വ്യാപിപ്പിച്ച എല്ലാ വകുപ്പുകളുടെയും സഹകരണത്തോടു കൂടെ എല്ലാ കുട്ടികൾക്കും വാർഷിക ആരോഗ്യ പരിശോധന എത്തിക്കുവാനുള്ള സർക്കാർ പദ്ധതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ